ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25.06.2025**

## പ്രധാനവാർത്തകൾ

1) ബഹിരാകാശ യാത്രയിൽ ചരിത്രം കുറിച്ച് ഇന്ത്യയുടെ ശുഭാൻശു ശുക്ല. ആക്സിയം 4 ദൗത്യത്തിൻറെ ആദ്യഘട്ടം വിജയകരം. ആശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും.

2) വടക്കൻ കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

RNU TVPM

3) കനത്ത മഴയിൽ വയനാട്ടിലെ മേപ്പാടി-ചൂരൽമല മേഖലയിൽ മണ്ണിടിച്ചിൽ. പുന്നപ്പുഴയിൽ ശക്തമായ നീരൊഴുക്ക്.

4) വയനാട്ടിൽ ഉരുൾപൊട്ടൽ ഉണ്ടായിട്ടില്ലെന്ന് റവന്യൂ മന്ത്രി കെ രാജൻ. കോഴിക്കോട്, കണ്ണൂർ, ഇടുക്കി ജില്ലകളിലെ മലയോരമേഖലയിലും ശക്തമായ മഴ തുടരുന്നു.

5) പി എം ശ്രീ പദ്ധതിയിൽ കേരളം ചേരില്ലെന്നും, വിഷയത്തിൽ കോടതിയെ സമീപിക്കുമെന്നും വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി.

6) അടിയന്തരാവസ്ഥയ്ക്ക് ഇന്ന് അരനൂറ്റാണ്ട്. സംവിധാൻ ഹത്യ ദിവസിനോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ പരിപാടികൾ.

*******************

## ആക്സിയം

ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശ യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിക്കുന്ന ആക്സിയം 4 ദൗത്യത്തിൻറെ ആദ്യഘട്ടം വിജയകരം. രാകേഷ് ശർമയ്ക്ക് ശേഷം ഇതാദ്യമായാണ് നാല് പതിറ്റാണ്ടുകൾക്കിപ്പുറം ഒരു ഇന്ത്യക്കാരൻ ബഹിരാകാശത്തേക്ക്

കുതിക്കുന്നത്. ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെൻ്ററിൽ നിന്ന് ഇന്ത്യൻ സമയം ഉച്ചയ്ക്ക് 12.01 നായിരുന്നു വിക്ഷേപണം. സ്പെസ് എക്സ് ഡ്രാഗൺ പേടകത്തെ ഫാൽക്കൺ-9 റോക്കറ്റാണ് ബഹിരാകാശത്തിലെത്തിക്കുന്നത്. നാളെ വൈകുന്നേരം 4.30

ഓടെ പേടകം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തും. രണ്ടാഴ്ചയാണ് നാലംഗ യാത്രികർ ബഹിരാകാശ നിലയത്തിൽ ചിലവഴിക്കുക. അതിശയകരമായ അനുഭവമാണിതെന്ന്, എല്ലാ ഭാരതീയരും ഒപ്പമുണ്ടെന്ന ആത്മവിശ്വാസം

പങ്കുവച്ചുകൊണ്ട് ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല പറഞ്ഞു. രാഷ്ട്രപതി ദ്രൗപദി മുർമുവും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ഉൾപ്പെടെയുള്ള പ്രമുഖർ ബഹിരാകാശ യാത്രികർക്ക് വിജയാശംസകൾ നേർന്നു.

*******************

## കാലാവസ്ഥ

ചക്രവാത ചുഴിയുടെ സ്വാധീനത്താൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്നും നാളെയും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. ഇടുക്കി, വയനാട്,

RNUTVPM

മലപ്പുറം ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത തുടരും. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നാണ് നിർദ്ദേശം. സംസ്ഥാനത്ത് ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ പ്രത്യേക ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശമുണ്ട്.

*******************

<u>വയനാട് (ഇൻട്രോ)</u>

വയനാട്ടിൽ ശക്തമായ മഴ തുടരുകയാണ്. മലയോര മേഖലയിലെ ജനങ്ങൾക്ക് പ്രത്യേക ജാഗ്രതാ നിർദ്ദേശം നൽകി. മേപ്പാടി-ചൂരൽമല മേഖലയിൽ കഴിഞ്ഞ വർഷം ഉരുൾപൊട്ടലുണ്ടായിടത്തെ മണ്ണിടിച്ചിലും, പുന്നപ്പുഴയിലെ ശക്തമായ നീരൊഴുക്കും പ്രദേശവാസികളെ ആശങ്കയിലാക്കി. വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.

(വോയ്സ്)

RNU TVPM

*******************

<u>കെ രാജൻ (ഇൻട്രോ)</u>

വയനാട്ടിൽ വലിയ തോതിൽ മഴ പെയ്തിട്ടുണ്ടെങ്കിലും ഉരുൾപൊട്ടൽ ഉണ്ടായിട്ടില്ലെന്ന് റവന്യൂ മന്ത്രി കെ രാജൻ. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എന്നാൽ ജാഗ്രത പാലിക്കാൻ നിർദേശം നൽകിയതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

*******************

<u>മഴ കോഴിക്കോട്-</u>

കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിലും ഇന്ന് ശക്തമായ മഴയാണ് ലഭിച്ചത്. വെള്ളരിമലയിലെ കനത്ത

മഴയിൽ ഇരുവഴിഞ്ഞി പുഴയിൽ ജലനിരപ്പ് ഉയർന്നു. മലവെള്ളപ്പാച്ചിലും ഉണ്ടായി. കോടഞ്ചേരി ചാലി പുഴയിലും ജലനിരപ്പ് ഉയർന്നു. ചെമ്പുകടവ് പഴയ പാലത്തിൽ വെള്ളം കയറി. ഉള്ളിയേരി അത്തോളി റൂട്ടിലെ വേളൂരിൽ തെങ്ങ് റോഡിന് കുറുകെ വീണ് ഗതാഗതം തടസ്സപ്പെട്ടു. ചാത്തമംഗലം വിരുപ്പിലും മരം വീണ് ഗതാഗതം തടസ്സപ്പെട്ടു.

*******************

<u>കണ്ണൂർ-മഴ</u>

കണ്ണൂരിൽ കനത്ത മഴ ജനജീവിതത്തെ ബാധിച്ചു. കണ്ണൂർ പഴയ ബസ് സ്റ്റാൻഡിന് സമീപത്തെ അണ്ടർ പാസുൾപ്പെടെ പലയിടങ്ങളിലും വെള്ളം കയറിയിട്ടുണ്ട്. തളാപ്പ് സുന്ദര ക്ഷേത്രത്തിന് സമീപത്തെ വീടുകളിലും കടകളിലും വെള്ളം കയറി. നഗരത്തിൽ ഗതാഗത കുരുക്കും രൂക്ഷമാണ് .

RNUTVPM

*******************

<u>ഇടുക്കി- മഴ</u>

ഇടുക്കിയിൽ കനത്ത മഴയും കാറ്റും തുടന്നു. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുന്നതായും, പെരിയാറിൻറെ ഇരു കരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്. നിലവിൽ 133 അടിയാണ് ഡാമിലെ ജലനിരപ്പ്. 136 അടി റൂൾ കർവ് പരിധിയിൽ ജലമെത്തിയാൽ ഡാം തുറക്കാൻ സാധ്യതയുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഡാമിൻറെ വൃഷ്ടിപ്രദേശത്ത് കനത്ത മഴ തുടരുകയാണ്. ഇടുക്കി ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

*******************

<u>മന്ത്രിസഭാ യോഗം</u>

സെക്രട്ടറിയേറ്റിലെയും വകുപ്പ് അധ്യക്ഷൻമാരുടെ കാര്യാലയങ്ങളിലെയും, മേയ് 31 വരെയുള്ള കുടിശ്ശിക ഫയലുകൾ

തീർപ്പാക്കുന്നതിന് അടുത്തമാസം ഒന്ന് മുതൽ ആഗസ്റ്റ് 31 വരെ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം.
സംസ്ഥാനത്തെ ജലവിഭവ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ ലക്ഷ്യമിട്ട് കേരള നദീതട സംരക്ഷണ മാനേജ്മെൻറ് ചട്ടക്കൂടിനും മന്ത്രിസഭ അംഗീകാരം നൽകി.
വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് പുന്നപ്പുഴയിൽ അടിഞ്ഞു കൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായുള്ള 195 കോടി രൂപയുടെ പ്രവൃത്തികൾക്കും മന്ത്രിസഭായോഗം അംഗീകാരം നൽകി. ഊരാളുങ്കൽ ലേബർ കൊൺട്രാക്ട് സൊസൈറ്റിക്കാണ് ഇതിനുള്ള ചുമതല.പരിപ്പ് തൊള്ളായിരം - മാഞ്ചിറ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 708.83 ലക്ഷം രൂപ അനുവദിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു

******************

<u>പി എം ശ്രീ</u>

പി എം ശ്രീ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിയമനടപടിയ്ക്ക് ഒരുങ്ങി സംസ്ഥാന സർക്കാർ. പദ്ധതിയിൽ കേരളം ചേരില്ലെന്നും, വിഷയത്തിൽ കോടതിയെ സമീപിച്ച് ജനാധിപത്യപരമായ ശബ്ദമുയർത്തുമെന്നും വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി വ്യക്തമാക്കി. ഇതു സംബന്ധിച്ച് വിദ്യാർത്ഥി യൂണിയനുകളുമായി ചർച്ച നടത്തിയ ശേഷം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസരിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ നടപടി എസ്എഫ്ഐയും കെ എസ് യുവും അംഗീകരിച്ചതായും, എബിവിപി ഒഴികെയുള്ള സംഘടനകൾ പി എം ശ്രീയിൽ കേരളം ചേരണ്ട എന്ന് നിലപാട് എടുത്തതായും മന്ത്രി പറഞ്ഞു. അതേസമയം പിഎം ശ്രീ പദ്ധതിയിൽ കേരളം ഭാഗമാകില്ല എന്ന നിലപാട് വിദ്യാർത്ഥി വിരുദ്ധമെന്ന് എബിവിപി പ്രതികരിച്ചു.

******************

PRD TVPM

## സത്യപ്രതിജ്ഞ

നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് മറ്റന്നാൾ സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകുന്നേരം 3.30ന് സ്പീക്കർ മുമ്പാകെയാണ് സത്യപ്രതിജ്ഞ. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ 11,000-ലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ആര്യാടൻ ഷൗക്കത്ത് വിജയിച്ചത്.

*******************

## അമിത് ഷാ

അടിയന്തരാവസ്ഥയ്ക്കെതിരായ പോരാട്ടത്തിൽ പ്രധാനമന്ത്രി ന രേന്ദ്ര മോദിയുടെ പങ്കിനെക്കുറിച്ച് വിശദീകരിക്കുന്ന 'The Emergency Diaries-Years that forged a leader' എന്ന പുസ്തകം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ന്യൂഡൽ ഹിയിൽ പ്രകാശനം ചെയ്തു. ജനാധിപത്യ മൂല്യങ്ങളെ സംരക്ഷിക്കുന്നതിനായി ശ്രീ മോദി നടത്തിയ പ്രവർത്തനങ്ങളാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. അടിയന്തരാവസ്ഥ കാലത്തെ തൻറെ ജീവിത യാത്രയാണ് പുസ്തകത്തിലുള്ളതെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് ഇന്നേക്ക് അരനൂറ്റാണ്ട് പൂർത്തിയാവുകയാണ്. സംവിധാൻ ഹത്യ ദിവസ് ആചരണത്തോടനുബന്ധിച്ച് വിപുലമായ പരിപാടികളാണ് രാജ്യത്ത് ഇന്ന് നടന്നത്.

*******************

## മുഖ്യമന്ത്രി-അടിയന്തരാവസ്ഥ

ഇന്ത്യൻ ജനാധിപത്യചരിത്രത്തിലെ ഏറ്റവും കറുത്ത അധ്യായമാണ് 1975 ലെ അടിയന്തരാവസ്ഥ പ്രഖ്യാപനം എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.എണ്ണമറ്റ ജനാധിപത്യ പോരാളികൾക്ക് ചരിത്രപാഠമെന്നതിലുപരി ഭരണകൂട

RNU TVPM

ഭീകരതയേൽപ്പിച്ച പൊള്ളുന്ന ഓർമ്മകളാണിതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

******************

## ബോധ പൂർണ്ണിമ

കേരളത്തിലെ മുഴുവൻ ക്യാമ്പസുകളെയും ലഹരിമുക്തമാക്കുന്നതിനുള്ള ഊർജിത പ്രവർത്തനങ്ങളാണ് സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്നതെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു . സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലഹരി ഉപയോഗത്തിനെതിരെയുള്ള കർമ പദ്ധതിയായ ബോധ പൂർണിമയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. സമകാലിക സാമൂഹിക സാഹചര്യങ്ങളിൽ വലിയ വെല്ലുവിളികൾ ഉയർത്തുന്ന മാരക വിപത്താണ് ലഹരിയെന്ന് മന്ത്രി പറഞ്ഞു. ലഹരിക്കെതിരായ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം ലഹരി വിരുദ്ധ ദിനമായ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും

RNU TVPM

******************

## കേരള സർവ്വകലാശാല

കേരള സർവകലാശാല സെനറ്റ് ഹാളിൽ ഗവർണർ പങ്കെടുക്കുന്ന പരിപാടിയിൽ ഭാരതാംബയുടെ ചിത്രം വച്ചതിനെതിരെ പ്രതിഷേധിച്ച് SFI, DYFI പ്രവർത്തകർ. പോലീസിനും പ്രവർത്തകർക്കുമിടയിൽ സംഘർഷമുണ്ടായി. പ്രതിഷേധത്തിനിടെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പരിപാടിയിൽ പങ്കെടുക്കാനെത്തി. ഭാരതാംബ ചിത്രത്തിൽ ഗവർണർ പുഷ്പാർച്ചന നടത്തി.

******************

**കേന്ദ്രമന്ത്രിസഭ**

പൂനെ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. 3, 626 കോടി രൂപ ചെലവിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതായി മന്ത്രിസഭായോഗത്തിന് ശേഷം കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

*******************

********

******

RNU TVPM